എക്സ്ട്രാ റൂഫ് അതോടൊപ്പം കെട്ടിടത്തിന്റെ പുറകുവശത്തെ അലൂമിനിയം പാനലിങ്ങ് ഇത്യാദി പണികൾക്കുവേണ്ടി 360 ലക്ഷം രൂപയുടെ ടെണ്ടർ വിളിച്ചെങ്കിലും ടെണ്ടർ ആരും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ക്വട്ടേഷൻ നടപടികൾ പി.ഡബ്ല്യു.ഡി. സ്വീകരിച്ചുവരുന്നു. കെട്ടിടം പൂർണ്ണമായും ഉപയോഗയോഗ്യമായിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചാൽമാത്രമേ തസ്തിക സൃഷ്ടിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം

68 (733) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാ കെയർ, ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ; വിശദമാക്കുമോ ?

ഉത്തരം

15-11-2011-ലെ സ.ഉ.(സാധ)നമ്പർ 3961/11/ആ.കു.വ. പ്രകാരം ട്രോമാ കെയറിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 13.45 ലക്ഷം രൂപയും 6-12-2013-ലെ സ.ഉ.(സാധ)നമ്പർ 4065/2013/ആ.കു.വ. പ്രകാരം കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീൻ ആന്റ് അദർ എക്യൂപ്മെന്റ്സ് ഫോർ ട്രോമാ കെയർ വാങ്ങുന്നതിനായി 30 ലക്ഷം രൂപയും അനുവദിക്കുകയും ഇത കെ.എം.എസ്.സി.എല്ലിന് കൈമാറുകയും ചെയ്തിരുന്നു.

ബ്ലഡ് സ്റ്റോറേജിനായുള്ള കെട്ടിടം പുനരുദ്ധരിച്ചെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല.

പുതിയതായി പണിയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും വാർഡിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ

69 (734) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനും സാംക്രമിക രോഗങ്ങൾ തടയുന്നതിനുമായി ഈ മഴക്കാലത്തിനു മുന്നോടിയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly